(ബി) ഇല്ല.

(സി) കേരളത്തിന് അവകാശപ്പെട്ട ജലം കുടിശ്ശിക സഹിതം ലഭ്യമാക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) 2004-2005 ജലവർഷത്തിൽ മുൻകൂടിശ്ശിക സഹിതം കേരളത്തിന് മണക്കടവ് വിയറിൽ നിന്നും 10,892 എം. സി. അടി ജലമാണ് ലഭിക്കേണ്ടത്.

മുല്ലപ്പെരിയാർ നദീജലകരാർ

35 [116] *ശ്രീ. സി. പി. മുഹമ്മദ്:*

„ *എം. എം. ഹസ്സൻ:*

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. ലൂഡി ലൂയിസ്:

„ *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ നദീജല കരാറനുസരിച്ച് മുല്ലപ്പെരിയാറിലെ വെള്ളം തമിഴ്നാട് എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്;

(ബി) മുല്ലപ്പെരിയാർ ജലമുപയോഗിച്ച് തേനിക്കും വൈഗയ്ക്കുമിടയിൽ എത്ര ഹൈഡൽ പവർ സ്റ്റേഷനുകൾ ആരംഭിക്കാൻ തമിഴ്നാട് നടപടി സ്വീകരിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്;

(സി) ഇവ നിർമ്മിക്കുന്നതിനെ സംസ്ഥാനം തടഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തമിഴ്നാടിന്റെ പ്രതികരണം എന്തായിരുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) 1886-ലെ മുല്ലപ്പെരിയാർ നദീജലക്കരാറനുസരിച്ച് മുല്ലപ്പെരിയാർ ജലം തമിഴ്നാടിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലേയ്ക്ക് തിരിച്ചുവിട്ട് മധുരജില്ലയിലെ വരൾച്ചാബാധിത പ്രദേശങ്ങളിൽ ജലസേചനം നടത്താനായിരുന്നു തമിഴ്നാടിന് നൽകിയിരുന്നത്. എന്നാൽ 29-5-1970-ലെ കേരള-തമിഴ്നാട് പെരിയാർ ജലവൈദ്യുത അനുബന്ധകരാർ അനുസരിച്ച് മുല്ലപ്പെരിയാറിലെ ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള അനുമതി കേരളം തമിഴ്നാടിന് നൽകി. ഇപ്പോൾ തമിഴ്നാട് ജലസേചനം നടത്താനും വൈദ്യുതി ഉല്പാദിപ്പിക്കാനും മുല്ലപ്പെരിയാറിലെ ജലം ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൈഡൽ പവർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനെപ്പറ്റി വിവരമൊന്നും ലഭിച്ചിട്ടില്ല.

(സി) & (ഡി) ചോദ്യം ഉദിക്കുന്നില്ല.

കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് നടപടി

36 [117] *ശ്രീ. കെ. ബി. ഗണേഷ് കുമാർ:*

" *ആർ. ബാലകൃഷ്ണ പിള്ള:*

" *ടി. എം. ജേക്കബ്:*

" *ജോണി നെല്ലൂർ:*

" *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് കേരള സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് കൊച്ചിയിൽ നടന്ന ചർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമായിരുന്നു എന്നും ദുബായ് സർക്കാരിനെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) കേരള ഗവൺമെന്റ് ദുബായ് സർക്കാരുമായി ചർച്ചകൾ നടത്തി കരാറിൽ ഏർപ്പെടുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വേണം എന്നിരിക്കെ അത്തരത്തിലുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ദുബായ് ഇന്റർനെറ്റ് സിറ്റി എത്ര കോടി രൂപയാണ് കൊച്ചിയിൽ മുതൽമുടക്കുന്നത്;

(ഇ) കേരളത്തിൽ നിന്നുള്ള എത്ര ആളുകൾക്ക് എത്ര കാലം കൊണ്ടു തൊഴിൽ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) സംസ്ഥാന സർക്കാർ സൗജന്യമായും വിലയ്ക്കും നൽകുന്ന കെട്ടിടങ്ങളും ഭൂമിയും എത്രയാണ്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ജി) കൊച്ചിയിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly